| 15-04-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- പരസ്പരം സന്തോഷത്തിന്റെ ടോണിക്ക് കഴിപ്പിച്ചു കൊണ്ടിരിക്കൂ, സദാ സന്തോഷത്തിലും ആനന്ദത്തിലും ഇരിക്കുക, സന്തോഷം പങ്കു വെക്കുക, ഇതുതന്നെയാണ് ഏറ്റവും വലിയ സൽക്കാരം**

**ചോദ്യം :** തന്റെ ഉയർന്ന അവസ്ഥ ഉണ്ടാക്കുന്നതിനുള്ള വിധിയെന്താണ്? ഏതു മുഖ്യ കാര്യങ്ങളിൽ ജാഗ്രതയുണ്ടായിരിക്കണം?

**ഉത്തരം :** ഉയർന്ന അവസ്ഥ ഉണ്ടാക്കണമെങ്കിൽ 1. നഷ്ടോമോഹ ആയിരിക്കുന്നതിനുള്ള ധൈര്യം കാണിയ്ക്കണം. 2. തന്റെ ചാർട്ട് വെയ്ക്കണം- ബാബയെ ഓർമിക്കുന്ന സമയത്ത് ബാബയോട് എന്തെല്ലാം സംസാരിച്ചു? എത്ര സമയം ഓർമിച്ചു? 3. ഉറക്കത്തെ ജയിക്കുന്നവരാകണം 4. പഴയ ശരീരത്തെ സംരക്ഷിക്കുകയും വേണം, അതിനെ പിന്നെ മറക്കുകയും വേണം 5. ദൈവികസ്വഭാവമുണ്ടാക്കണം. സ്വഭാവത്തിനു വശീഭൂതരായി ആരെയും വിഷമിപ്പിക്കരുത് 6. എല്ലാ കേടുകളും കളഞ്ഞ് ശുദ്ധമായ വജ്രം ആയി മാറണം 7. എല്ലാവർക്കും സുഖം നൽകുന്നവരായ സുഗന്ധപുഷ്പമായി മാറണം.

**ഓം ശാന്തി**. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം തരുന്നവനായ ആത്മീയപിതാവ് ആത്മീയകുട്ടികൾക്ക് മനസിലാക്കിത്തരികയാണ്. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ബാബയ്ക്കല്ലാതെ മറ്റാർക്കും തരാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഇപ്പോൾ ഈ ലോകം മാറാൻ പോവുകയാണ്. പാവപ്പെട്ട മനുഷ്യർ മനസിലാക്കുന്നില്ല ആരാണ് മാറ്റുന്നതെന്ന്, എങ്ങനെയാണ് മാറ്റുന്നതെന്ന്. എന്തുകൊണ്ടെന്നാൽ അവർക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിട്ടില്ല. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നു. ഇതിലൂടെ നിങ്ങൾക്ക് സൃഷ്ടിയുടെ ആദിമദ്ധ്യാന്തത്തിന്റെ ജ്ഞാനം ലഭിച്ചിരിക്കുന്നു. ഇതാണ് ജ്ഞാനത്തിന്റെ അമൃത്. അമൃതിന്റെ ഒരു തുള്ളി പോലും എത്ര മധുരമാണ്. ജ്ഞാനത്തിന്റെ ഒരേയൊരു വാക്കാണ് മൻമനാഭവ! എല്ലാത്തിനേക്കാളും എത്ര മധുരമാണ്. സ്വയത്തെ ആത്മാവെന്നു മനസിലാക്കി ബാബയെ ഓർമിക്കൂ. ബാബ ശാന്തിധാമത്തിന്റെയും സുഖധാമത്തിന്റെയും വഴി കാണിച്ചുതരികയാണ്. ബാബ വന്നിരിക്കുകയാണ് സ്വർഗത്തിന്റെ സമ്പത്തു തരുന്നതിനു വേണ്ടി. അതുകൊണ്ട് കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. പറയാറുമുണ്ട്- സന്തോഷം പോലൊരു ടോണിക്കില്ല. ആരാണോ സദാ സന്തോഷത്തിലും ആനന്ദത്തിലുമിരിക്കുന്നത് അവർക്ക് ഇതൊരു ഔഷധമാണ്. 21 ജന്മം സന്തോഷത്തിൽ ഇരിക്കാനുള്ള ഏറ്റവും നല്ല ഔഷധമാണിത്. ഈ ഔഷധം പരസ്പരം കഴിപ്പിച്ചുകൊണ്ടിരിക്കൂ. പരസ്പരം ഈ ഒരു സൽക്കാരം ചെയ്യണം. ഈയൊരു സൽക്കാരം വേറൊരു മനുഷ്യനും ചെയ്യാൻ സാധിക്കില്ല.

നിങ്ങൾ ശ്രീമതത്തിലൂടെ എല്ലാവരുടെയും ആത്മീയ സൽക്കാരം ചെയ്യുകയാണ്. സത്യം സത്യമായ സന്തോഷവാർത്തയും ഇതുതന്നെയാണ്- ആർക്കെങ്കിലും ബാബയുടെ പരിചയം കൊടുക്കുക. മധുരമായ കുട്ടികൾ മനസിലാക്കുന്നു- പരിധിയില്ലാത്ത ബാബയിലൂടെ നമുക്ക് ജീവന്മുക്തിയുടെ ഔഷധം ലഭിക്കുന്നു. സത്യയുഗത്തിൽ ഭാരതം മുക്തജീവിതത്തിലായിരുന്നു, പാവനമായിരുന്നു. ബാബ ഏറ്റവും വലിയ ഉയർന്ന ഔഷധമാണ് തരുന്നത്. അതുകൊണ്ടാണ് പാടപ്പെട്ടിട്ടുള്ളത്- അതീന്ദ്രിയസുഖത്തെ അറിയണമെങ്കിൽ ഗോപഗോപികമാരോട് ചോദിക്കണം. ഈ ജ്ഞാനയോഗം എത്ര ഫസ്റ്റ്ക്ലാസ് വണ്ടർഫുൾ ഔഷധമാണ്. അതും ഈ ഔഷധം ഒരേയൊരു ആത്മീയസർജന്റെ പക്കൽ മാത്രമേയുള്ളൂ. ബാക്കി ആർക്കും തന്നെ ഈ മരുന്നിനെക്കുറിച്ച് അറിയുകയേയില്ല. ബാബ പറയുകയാണ്-മധുരമായ കുട്ടികളേ നിങ്ങൾക്കായി ഉള്ളംകയ്യിൽ ഉപഹാരവുമായി വന്നിരിക്കുകയാണ്. മുക്തിയുടെയും ജീവന്മുക്തിയുടെയും ഈ ഉപഹാരം എന്റെ പക്കൽ മാത്രമേയുള്ളൂ. കല്പകല്പം ഞാൻ തന്നെയാണ് വന്ന് നിങ്ങൾക്കിതു തരുന്നത്. പിന്നീട് രാവണൻ നിങ്ങളിൽ നിന്ന് പിടിച്ചെടുക്കുന്നു. അതുകൊണ്ട് നിങ്ങൾ കുട്ടികൾക്കിപ്പോൾ അതിരറ്റ സന്തോഷമുണ്ടായിരിക്കണം. നിങ്ങൾക്കറിയാം നിങ്ങളുടെ ഒരേയൊരു ബാബ ടീച്ചറും സത്യംസത്യമായ സദ്ഗുരുവുമാണ്. നമ്മെ ഒപ്പം കൂട്ടിക്കൊണ്ടു പോവുകയും ചെയ്യും. ഏറ്റവും വിശ്വസ്തനായ ബാബയിൽ നിന്ന് വിശ്വത്തിന്റെ ചക്രവർത്തിപദവിയാണ് ലഭിക്കുന്നത്. ഇത് ചെറിയ കാര്യമാണോ! സദാ ഹർഷിതമായിരിക്കണം. ഗോഡ്ലി സ്റ്റുഡന്റ് ലൈഫ് ഈസ് ദ ബെസ്റ്റ്- ഇത് ഇപ്പോഴത്തെ കാര്യമാണ്. പിന്നീട് പുതിയ ലോകത്തിലും നിങ്ങൾ സദാ സന്തോഷമാഘോഷിച്ചുകൊണ്ടിരിക്കും. ലോകം അറിയുന്നില്ല - യഥാർത്ഥത്തിൽ സത്യം സത്യമായ സന്തോഷം എപ്പോഴാണ് ആഘോഷിക്കുന്നതെന്ന്. മനുഷ്യർക്കാണെങ്കിൽ സത്യയുഗത്തെക്കുറിച്ചുള്ള അറിവു തന്നെയില്ല. അതുകൊണ്ട് ഇവിടെത്തന്നെ ആഘോഷിച്ചു

കൊണ്ടിരിക്കുകയാണ്. എന്നാൽ ഈ പഴയ തമോപ്രധാനമായ ലോകത്തിൽ സന്തോഷം എവിടെ നിന്ന് ലഭിക്കാനാണ്. ഇവിടെയാണെങ്കിൽ അയ്യോ, അയ്യോ എന്ന് വിളിച്ചുകൊണ്ടിരിക്കുന്നു. എത്ര ദു:ഖം നിറഞ്ഞ ലോകമാണ്.

ബാബ നിങ്ങൾ കുട്ടികൾക്ക് എത്ര സഹജമായ വഴിയാണ് കാണിച്ചുതരുന്നത്. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ട് കമലപുഷ്പസമാനം ഇരിക്കൂ. ജോലിവേലകൾ മുതലായവചെയ്തുകൊണ്ടും എന്നെ ഓർമിക്കൂ. പ്രിയതമനെയും പ്രിയതമയെയും പോലെ. ഇവിടെ ഈ കാര്യമൊന്നുമില്ല. ഇവിടെ നിങ്ങളെല്ലാവരും ഒരു പ്രിയതമന്റെ ജന്മജന്മാന്തരമായിട്ടുള്ള പ്രിയതമകളാണ്. ബാബ ഒരിക്കലും നിങ്ങളുടെ പ്രിയതമയാകുന്നില്ല. നിങ്ങൾ ആ പ്രിയതമനെ വരാൻ വേണ്ടി ഓർമിച്ചുവന്നു. എപ്പോഴാണോ ദു:ഖം ജാസ്തിയാവുന്നത് അപ്പോഴാണ് പാടപ്പെട്ടിട്ടുള്ളത്– ദു:ഖത്തിൽ എല്ലാവരും ഓർമിക്കുന്നു, സുഖത്തിൽ ആരും ഓർമിക്കുന്നില്ല. ഈ സമയത്ത് ബാബ തന്നെയാണ് സർവ്വശക്തിമാൻ. ദിനം പ്രതി മായയും സർവ്വശക്തിവാൻ തമോപ്രധാനമായി മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ ബാബ പറയുന്നു– മധുരമായ കുട്ടികളെ– ദേഹിഅഭിമാനിയായി മാറൂ. സ്വയത്തെ ആത്മാവെന്നു മനസിലാക്കി എന്നെ ഓർമിക്കൂ. ഒപ്പം ദൈവികഗുണങ്ങളെ ധാരണ ചെയ്യൂ. നിങ്ങൾ ഇങ്ങനെ ലക്ഷ്മീനാരായണനായി മാറും. ഈ പഠിത്തത്തിൽ മുഖ്യമായ കാര്യം തന്നെ ഓർമയുടേതാണ്. ഉയർന്നതിൽ വെച്ച് ഉയർന്ന ബാബയെ വളരെ സ്നേഹത്തോടെ ഓർമിക്കണം. ആ ഉയർന്നതിൽ വെച്ച് ഉയർന്ന ബാബ തന്നെയാണ് പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നവൻ. ബാബ പറയുന്നു– ഞാൻ വന്നിരിക്കുകയാണ് –നിങ്ങൾ കുട്ടികളെ വിശ്വത്തിന്റെ അധികാരിയാക്കുന്നതിനു വേണ്ടി. അതുകൊണ്ട് ഇപ്പോൾ എന്നെ ഓർമിക്കൂ എങ്കിൽ നിങ്ങളുടെ അനേകജന്മത്തിലെ പാപങ്ങൾ നശിക്കും. പതീതപാവനനായ ബാബ പറയുന്നു–നിങ്ങൾ വളരെയധികം പതീതരായി മാറിയിരിക്കുന്നു. അതുകൊണ്ടിപ്പോൾ എന്നെ ഓർമിക്കൂ. എങ്കിൽ നിങ്ങൾ പാവനമായി മാറും, പാവന ലോകത്തിന്റെ അധികാരിയായി മാറും. പതീതപാവനൻ ബാബയെത്തന്നെയല്ലേ വിളിക്കുന്നത്. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്–അതുകൊണ്ട് തീർച്ചയായും പാവനമായി മാറുക തന്നെ വേണം. ബാബ ദു:ഖത്തെ ഹരിക്കുന്നവനും സുഖം തരുന്നവനുമാണ്. തീർച്ചയായും സത്യയുഗത്തിൽ പാവനലോകമുണ്ടായിരുന്നു. അതുകൊണ്ട് എല്ലാവരും സുഖികളായിരുന്നു. ഇപ്പോൾ ബാബ വീണ്ടും പറയുന്നു–കുട്ടികളേ, ശാന്തിധാം, സുഖധാമത്തെ ഓർമിച്ചുകൊണ്ടിരിക്കൂ. ഇപ്പോൾ സംഗമയുഗമാണ്. തോണിക്കാരൻ നിങ്ങളെ ഈ കരയിൽ നിന്ന് ആ കരയിലേക്ക് കൊണ്ടുപോകുന്നു. തോണിക്കാരൻ ഒരാളല്ല, മുഴുവൻ ലോകവും ഒരു വലിയ കപ്പലാണ്. ഇതിനെ അക്കരേക്ക് കൊണ്ടുപോകുന്നു. ബാബ മധുരമധുരമായ കുട്ടികൾക്ക് മനസിലാക്കിത്തരുന്നു– സ്വയത്തെ ആത്മാവാണെന്നു മനസിലാക്കി എന്നെ ഓർമിക്കൂ. നിങ്ങളും ബാബയുടെ സേവനത്തിൽ മുഴുകൂ–ഓൺ ഗോഡ്ഫാദർലി സർവീസ്. ബാബ തന്നെയാണ് നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുവാൻ വന്നിരിക്കുന്നത്. ആരാണോ നല്ല പുരുഷാർത്ഥം ചെയ്യുന്നത് അവരെ മഹാവീരരെന്നു പറയുന്നു. ആരാണ് മഹാവീരൻ ബാബയുടെ ഡയറക്ഷനനുസരിച്ച് നടക്കുന്നത് അതുമറിയാം. ബാബയുടെ ആജ്ഞയുണ്ട്–സ്വയത്തെ ആത്മാവെന്നു മനസിലാക്കി സഹോദരസഹോദരന്മാരായി കാണൂ. ഈ ശരീരത്തെ മറക്കൂ. ബാബയും ഈ ശരീരത്തെ നോക്കുന്നില്ല. ബാബ പറയുന്നു– ഞാൻ ആത്മാക്കളെയാണ് കാണുന്നത്. ബാക്കി ഇത് ജ്ഞാനമാണ്–ഇത് ശരീരമില്ലാതെ പറയാനും സാധിയ്ക്കില്ല. ഞാൻ തന്നെയാണ് ഈ ശരീരത്തിൽ വന്നിരിക്കുന്നത്, ലോണെടുത്തിരിക്കുകയാണ്. ശരീരത്തിനോടൊപ്പമേ ആത്മാവിനു പഠിക്കാൻ പറ്റൂ. ബാബയുടെ ഇരിപ്പിടം ഇവിടെയാണ്. ഇത് അകാലസിംഹാസനമാണ്. ആത്മാവ് അകാലമൂർത്താണ്. ആത്മാവൊരിക്കലും ചെറുതും വലുതുമാകുന്നില്ല. ശരീരമാണ് ചെറുതും വലുതുമാകുന്നത്. ഏതെങ്കിലും ആത്മാക്കളുണ്ടോ അവയുടെയെല്ലാം സിംഹാസനം ഈ ഭൃഗുടിമധ്യത്തിലാണ്. ശരീരം എല്ലാവരുടെയും ഭിന്നഭിന്നമാണ്. ചിലരുടെ അകാലസിംഹാസനം പുരുഷന്റേതായിരിക്കും, ചിലരുടെ സ്ത്രീയുടേതായിരിക്കും, ചിലരുടെ കുട്ടികളുടേതായിരിക്കും. ബാബയിരുന്ന് കുട്ടികൾക്ക് ആത്മീയഡ്രിൽ പഠിപ്പിക്കുകയാണ്. എപ്പോഴെങ്കിലും ആരോടെങ്കിലും സംസാരിക്കുമ്പോൾ ആദ്യം സ്വയത്തെ ആത്മാവാണെന്നു മനസിലാക്കൂ. ഞാൻ ആത്മാ ഈ സഹോദരനോട് സംസാരിക്കുകയാണ്. ബാബയുടെ സന്ദേശം കൊടുക്കുകയാണ്–ശിവബാബയെ ഓർമിക്കൂ. ഓർമയിലൂടെ മാത്രമേ ആത്മാവിൽ പിടിച്ചിരിക്കുന്ന ക്ലാവില്ലാതാകൂ. സ്വർണത്തിൽ മറ്റു ലോഹങ്ങൾ മിക്സ് ആകുമ്പോൾ സ്വർണത്തിന്റെ മൂല്യം കുറയുന്നു. നിങ്ങൾ ആത്മാക്കളിലും ഈ ക്ലാവു പിടിച്ചതുകൊണ്ട് നിങ്ങളുടെയും മൂല്യം കുറഞ്ഞുപോയി. ഇപ്പോൾ വീണ്ടും പാവനമായിമാറണം. നിങ്ങൾ ആത്മാക്കൾക്ക് ഇപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നു. ആ നേത്രത്തിലൂടെ തന്റെ സഹോദരന്മാരെ നോക്കൂ. സഹോദരഭാവത്തിൽ നോക്കുന്നതിലൂടെ കർമേന്ദ്രിയങ്ങൾ ചഞ്ചലമാകില്ല. രാജ്യഭാഗ്യം എടുക്കണം, വിശ്വത്തിന്റെ അധികാരിയാവണം എങ്കിൽ ഈ പരിശ്രമം ചെയ്യുക തന്നെ വേണം. സഹോദരഭാവത്തിൽ എല്ലാവർക്കും ഈ ജ്ഞാനം കൊടുക്കൂ എങ്കിൽ ഈ സംസ്കാരം പക്കയാകും. സത്യംസത്യമായ ബ്രദേഴ്സ് നിങ്ങളാണ്. ബാബയും മുകളിൽ നിന്ന് വന്നിരിക്കുകയാണ്. നിങ്ങളും വന്നിരിക്കുന്നു. ബാബ കുട്ടികളോ

ടൊപ്പം സേവനം ചെയ്യുകയാണ്. സേവനം ചെയ്യാൻ ബാബ ധൈര്യം തരികയാണ്. ധൈര്യം കുട്ടികളുടെ..... അതുകൊണ്ട് ഈ പ്രാക്ടീസ് ചെയ്യണം. ഞാൻ ആത്മാവ് സഹോദരനെ പഠിപ്പിക്കുകയാണ്. ആത്മാവല്ലേ പഠിയ്ക്കുന്നത്. ഇതിനെയാണ് സ്പിരിച്വൽ നോളജ് എന്നു പറയുന്നത്. ഇത് ആത്മീയപിതാവിൽ നിന്നു മാത്രമാണ് ലഭിക്കുന്നത്. സംഗമത്തിൽ തന്നെയാണ് ബാബ വന്ന് ഈ നോളജ് തരുന്നത്. സ്വയത്തെ ആത്മാവെന്നു മനസിലാക്കൂ. നിങ്ങൾ ഒന്നുമില്ലാതെയാണ് വന്നത്. ഇവിടെ ശരീരം ധാരണ ചെയ്ത് നിങ്ങൾ 84 ജന്മം പാർട്ടഭിനയിച്ചു. ഇപ്പോൾ വീണ്ടും തിരിച്ചുപോകണം. അതുകൊണ്ട് സ്വയത്തെ ആത്മാവാണെന്നു മനസിലാക്കി സഹോദരസഹോദരദൃഷ്ടിയോടെ നോക്കണം. ഈ പരിശ്രമം ചെയ്യണം. സ്വയം സ്വയത്തിന്റെ സേവ ചെയ്യണം, മറ്റുള്ളവരിൽ നമുക്കെന്തു കാര്യമാണ്. പരോപകാരം അവനവനിൽ നിന്നാരംഭിക്കണം. അർത്ഥം ആദ്യം സ്വയത്തെ ആത്മാവാണെന്നു മനസിലാക്കി പിന്നീട് സഹോദരന്മാർക്ക് മനസിലാക്കിക്കൊടുക്കൂ. അങ്ങനെയെങ്കിൽ നല്ല രീതിയിൽ അമ്പ് തറയ്ക്കും. ഈ മൂർച്ച ഉണ്ടായിരിക്കണം. പരിശ്രമം ചെയ്യുകയാണെങ്കിൽ ഉയർന്ന പദവി ലഭിക്കും. കുറച്ച് സഹിക്കേണ്ടതായും വരും.

ആരെങ്കിലും ആവശ്യമില്ലാത്ത കാര്യങ്ങൾ പറയുകയാണെങ്കിൽ നിങ്ങൾ മിണ്ടാതിരിക്കൂ. നിങ്ങൾ മിണ്ടാതിരിക്കുകയാണെങ്കിൽ മറ്റുള്ളവർക്ക് എന്തു ചെയ്യാൻ സാധിക്കും? രണ്ടു കൈ കൊണ്ടടിച്ചാലേ ശബ്ദം കേൾക്കൂ. ഒരാൾ വായിലൂടെ എന്തെങ്കിലും പറഞ്ഞു, അടുത്തയാൾ മിണ്ടാതിരുന്നുവെങ്കിൽ അവർ സ്വയം ശാന്തമാകും. രണ്ടുകൂട്ടരും കൂടി പറയുകയാണെങ്കിൽ ശബ്ദം വലുതാകും. കുട്ടികൾക്ക് പരസ്പരം മംഗളം ചെയ്യണം. ബാബ മനസിലാക്കിത്തരികയാണ്-കുട്ടികളെ, സദാ സന്തോഷത്തിലിരിക്കണമെങ്കിൽ മൻമനാഭവ-സ്വയത്തെ ആത്മാവാണെന്നു മനസിലാക്കി ബാബയെ ഓർമിക്കൂ. സഹോദരന്മാരെ ആത്മദൃഷ്ടിയിൽ നോക്കൂ. സഹോദരന്മാർക്കും ഈ നോളജ് കൊടുക്കൂ. ഈ സ്വഭാവം ആയിമാറുന്നതിലൂടെ പിന്നെ ഒരിക്കലും ക്രിമിനൽ ദൃഷ്ടി ചതിയ്ക്കില്ല. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രത്തിലൂടെ മൂന്നാമത്തെ നേത്രത്തെ കാണൂ. ബാബയും നിങ്ങളുടെ മൂന്നാമത്തെ നേത്രമാണ് കാണുന്നത്. പരിശ്രമവും ഇതാണ് ചെയ്യേണ്ടത്-സദാ ആത്മാവിനെ നോക്കൂ. ശരീരത്തെ കാണുകയേ ചെയ്യരുത്. യോഗം ചെയ്യിപ്പിക്കുകയാണെങ്കിലും സ്വയത്തെ ആത്മാവാണെന്നു മനസിലാക്കി സഹോദരന്മാരെ കണ്ടുകൊണ്ടിരിക്കുകയാണെങ്കിൽ സേവനവും നല്ല രീതിയിൽ നടക്കും. ബാബയും പറഞ്ഞിട്ടുണ്ട്-സഹോദരന്മാർക്കു മനസിലാക്കിക്കൊടുക്കൂ. സഹോദരന്മാരെല്ലാം ബാബയിൽ നിന്നാണ് സമ്പത്തെടുക്കുന്നത്. ഈ ആത്മീയകോളജ് കേവലം ഒരു തവണയാണ് നിങ്ങൾ ബ്രാഹ്മണകുട്ടികൾക്കു ലഭിക്കുന്നത്. നിങ്ങൾ ബ്രാഹ്മണർ തന്നെയാണ് പിന്നീട് ദേവീദേവതകളായി മാറുന്നത്. ഈ സംഗമയുഗം ഒരിക്കലും നഷ്ടപ്പെടുത്തരുത്, ഇല്ലെങ്കിൽ എങ്ങനെയാണ് മറുകരയെത്തുക. ചാടിക്കടക്കാൻ പറ്റില്ലല്ലോ. ഇത് വണ്ടർഫുൾ സംഗമയുഗമാണ്. അതുകൊണ്ട് കുട്ടികൾക്ക് ആത്മീയ യാത്രയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യുക തന്നെ വേണം. നിങ്ങൾക്കു തന്നെയാണ് ഇതുകൊണ്ടുള്ള ലാഭം. ബാബയുടെ പഠിപ്പ് സഹോദരന്മാർക്കും കൊടുക്കണം. ബാബ പറയുന്നു- ഞാൻ നിങ്ങൾ ആത്മാക്കൾക്ക് ജ്ഞാനം തരികയാണ്. ആത്മാക്കളെയാണ് കാണുന്നത്. മനുഷ്യർ മനുഷ്യരോട് സംസാരിക്കുന്ന സമയത്ത് അവരുടെ മുഖത്തെയാണല്ലോ നോക്കുന്നത്. നിങ്ങൾ ആത്മാവിനോടു സംസാരിക്കുമ്പോൾ ആത്മാവിനെത്തന്നെ നോക്കൂ. ശരീരത്തിലൂടെയാണ് ജ്ഞാനം കൊടുക്കുന്നത്. എന്നാൽ ഇവിടെ ശരീരബോധമില്ലാതാക്കണം. നിങ്ങളുടെ ആത്മാവ് മനസിലാക്കുന്നു-പരമാത്മാ നമുക്ക് ജ്ഞാനം തരുന്നുവെന്ന്. ബാബയും പറയുന്നു- ആത്മാവിനെയാണ് നോക്കുന്നത്. ആത്മാക്കളും പറയുന്നു-ഞങ്ങൾ പരമാത്മാ ബാബയെ കണ്ടുകൊണ്ടിരിക്കുകയാണ്. ആ ബാബയിൽ നിന്നും നോളജെടുത്തുകൊണ്ടിരിക്കുകയാണ്. ഇതിനെയാണ് പറയുന്നത്-സ്പിരിച്വൽ ജ്ഞാനത്തിന്റെ കൊടുക്കൽ വാങ്ങൽ, ആത്മാവും ആത്മാവുമായി. ആത്മാവിൽ തന്നെയാണ് ജ്ഞാനമുള്ളത്. ആത്മാവിനു തന്നെയാണ് ജ്ഞാനം കൊടുക്കുന്നത്. ഇത് ശക്തി പോലെയാണ്. നിങ്ങളുടെ ജ്ഞാനത്തിൽ ഈ ശക്തി ഉണ്ടായിരിക്കണം അപ്പോൾ ആർക്കെങ്കിലും ജ്ഞാനം കൊടുക്കുകയാണെങ്കിൽ അമ്പ് വേഗത്തിൽ തറയ്ക്കും. ബാബ പറയുന്നു- പ്രാക്ടീസ് ചെയ്തുനോക്കൂ-അമ്പു തറയ്ക്കുന്നുണ്ടല്ലോ. ഈ പുതിയ സ്വഭാവം ഉണ്ടാക്കണം. അപ്പോൾ ശരീരബോധമില്ലാതാകും. മായയുടെ കൊടുങ്കാറ്റ് കുറയും. മോശമായ സങ്കൽപങ്ങളൊന്നും വരില്ല. ക്രിമിനൽ ദൃഷ്ടിയുമുണ്ടാവില്ല. നമ്മൾ ആത്മാക്കൾ 84 ന്റെ ചക്രം കറങ്ങി വന്നു. ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്. ഇപ്പോൾ ബാബയുടെ ഓർമയിലിരിക്കണം. ഓർമയിലൂടെത്തന്നെയാണ് തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമായി മാറുക. സതോപ്രധാനലോകത്തിന്റെ അധികാരിയായി മാറും. എത്ര സഹജമാണ്. ബാബയ്ക്കറിയാം കുട്ടികൾക്ക് ഈ പഠിപ്പ് നൽകുന്നതും എന്റെ പാർട്ടാണ്. ഇതൊരു പുതിയ കാര്യമൊന്നുമല്ല. ഓരോ 5000 വർഷങ്ങൾക്കു ശേഷവും എനിക്ക് വരേണ്ടതായിട്ടുണ്ട്. ഞാൻ ഇതിൽ ബന്ധിതനാണ്. കുട്ടികൾക്ക് ഇരുന്ന് മനസിലാക്കിത്തരികയാണ്. മധുരമായ കുട്ടികളെ-ആത്മീയയാത്രയുടെ ഓർമയിലിരിക്കൂ. എങ്കിൽ അന്തിമത്തിൽ സദ്ഗതിയുണ്ടാകും. ഇത് അന്തിമസമയമല്ലേ. മാമേകം ഓർമിക്കുകയാണെങ്കിൽ നിങ്ങൾക്കു സദ്ഗതിയുണ്ടാകും. ഓർമയുടെ യാത്രയിലൂടെ ശരീരവും

മനസും ശക്തിയുള്ളതായിത്തീരും. ഈ ദേഹീഅഭിമാനിയായി മാറുന്നതിനുള്ള പഠിപ്പ് ഒരു പ്രാവശ്യം മാത്രമാണ് നിങ്ങൾക്ക് ലഭിക്കുന്നത്. എത്ര വണ്ടർഫുളായിട്ടുള്ള ജ്ഞാനമാണ്. ഇത് വേറൊരാൾക്കും പറഞ്ഞുതരാൻ സാധിക്കില്ല. ഇതാണ് നിങ്ങൾ ബ്രാഹ്മണരുടെ ഉയർന്നതിൽ വെച്ച് ഉയർന്ന കുലം. ഈ സമയത്ത് നിങ്ങളുടെ ജീവിതം അമൂല്യമാണ്. അതുകൊണ്ട് ഈ ശരീരത്തെ സംരക്ഷിക്കണം. തമോപ്രധാനമായതുകൊണ്ട് ശരീരത്തിന്റെ ആയുസും കുറഞ്ഞുപോയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ എത്ര യോഗത്തിലിരിക്കുന്നുവോ അത്രയും ആയുസ്സ് വർധിക്കും. നിങ്ങളുടെ ആയുസ് വർധിച്ചു വർധിച്ച് 150 വർഷമാകും സത്യയുഗത്തിൽ. അതുകൊണ്ട് ശരീരത്തിനെയും സംരക്ഷിക്കണം. ഇങ്ങനെയില്ല– ഇത് മണ്ണുകൊണ്ടുണ്ടാക്കിയ ജഡമാണ്, എവിടെയെങ്കിലും ഇതൊന്ന് അവസാനിച്ചാൽ മതി. ഇല്ല. ഇതിനെ ജീവനോടെ വെക്കണം. ഇത് അമൂല്യജീവിതമാണ്. ആരെങ്കിലും അസുഖം പിടിച്ചിരിക്കുകയാണെങ്കിൽ അവരെക്കൊണ്ട് ബുദ്ധിമുട്ടാണെന്നു തോന്നരുത്. അവരോടും പറയൂ– ശിവബാബയെ ഓർമിക്കൂ. എത്രത്തോളം ഓർമിക്കുന്നുവോ, അത്രത്തോളം അവരുടെ പാപം കുറഞ്ഞുകൊണ്ടിരിക്കും. അവരുടെ സേവനം ചെയ്യണം, ജീവിക്കുകയും വേണം. ശിവബാബയുടെ ഓർമയിലിരിക്കുകയും വേണം.

കുട്ടികളിൽ നഷ്ടോമോഹയാകുന്നതിന്റെ ധൈര്യവും ഉണ്ടായിരിക്കണം. പെട്ടെന്ന് നഷ്ടോമോഹയാകണം. പരിധിയില്ലാത്ത അച്ഛനെ ലഭിച്ചിരിക്കയാണ്. ആ ബാബയിൽ നിന്ന് പൂർണമായും സമ്പത്തെടുക്കണം. ബാബ കുട്ടികൾക്ക് മനസിലാക്കിത്തന്നിട്ടുണ്ട്–ചാർട്ടു വെക്കൂ. ബാബയെ ഓർമിക്കുന്ന സമയത്ത് ബാബയോടെന്താണ് സംസാരിച്ചത്? എത്ര ബാബയുടെ മഹിമ ചെയ്തു, ഭോജനസമയത്ത് എത്ര ഓർമിച്ചു, പിന്നീട് മറന്നുപോയോ? തന്റെ അവസ്ഥയെ ഉർന്നതാക്കുക വളരെ അത്യാവശ്യമാണ്. ഉറക്കത്തെ ജയിക്കുന്നവരായിമാറണം. ഓർമയെ വർധിപ്പിച്ചുകൊണ്ടേയിരിക്കൂ. മററുള്ളവർക്കും മനസിലാക്കിക്കൊണ്ടേ പോകൂ. ഇതിൽ തീർച്ചയായും നഷ്ടോമോഹയാകണം. പഴയ ശരീരത്തെ മറക്കണം. ബാബയുടേതായെങ്കിൽ ബാബയെത്തന്നെ ഓർമിക്കണം. ഏതൊരു ബാബയാണ് നമ്മളെ വജ്രതുല്യരാക്കി മാറ്റുന്നത് ആ ബാബയെ എത്ര സ്നേഹത്തോടെ ഓർമിക്കണം. തന്റെ പരശോധന നടത്തണം–എന്റെത് ദൈവികസ്വഭാവം ആണോ? മനുഷ്യരുടെ സ്വഭാവം ഒരുപാടു ബുദ്ധിമുട്ടിക്കുന്നുണ്ട്. ഓരോരരുത്തർക്കും അവനവന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നു. അതുകൊണ്ട് പരിശോധിക്കണം–എന്റെ ഓർമ ബാബയുടെ അടുത്ത് എത്തുന്നുണ്ടോ? എന്ത് കുറവുകളുണ്ടോ അതിനെ ഇല്ലാതാക്കി ശുദ്ധമായ ഡയമണ്ട് ആകണം. കുറച്ചെങ്കിലും ന്യൂനതയുണ്ടെങ്കിൽ മൂല്യം കുറയും. അതുകൊണ്ട് പരിശ്രമിച്ച് സ്വയത്തെ വിലപ്പെട്ടരത്നം ആക്കി മാറ്റണം. ബാബയ്ക്കറിയാം–കർമാതീത അവസ്ഥ ഭാവിയിൽ നമ്പർവാർ പുരുഷാർത്ഥമനുസരിച്ചുണ്ടാവും. എങ്കിലും പുരുഷാർത്ഥം ചെയ്യാൻ ബാബ പറയുമല്ലോ. നമ്പർവാർ പുരുഷാർത്ഥമനുസരിച്ചാണ് ബാബക്കും സ്നേഹമുണ്ടാവുന്നത്. ആരാണോ മറ്റുള്ളവർക്കു സുഖം കൊടുക്കുന്ന സുഗന്ധപുഷ്പങ്ങൾ അവർക്കൊരിക്കലും ഒളിച്ചിരിക്കാൻ സാധിക്കില്ല. ബാബ വീണ്ടും കുട്ടികളോടു പറയുക്കയാണ്– മാമേകം ഓർമിക്കുകയാണെങ്കിൽ എല്ലാ അഴുക്കും ഇല്ലാതാകും. ബാബയെ ഓർമിച്ചോർമിച്ച് മനസ് ഉറച്ചു നിൽക്കണം. ബാബയുടെ ഓർമയിൽ മുഴുകണം. ബാബാ, മധുരമായ ബാബ , അങ്ങ് ഞങ്ങളെ എന്തിൽ നിന്ന് എന്താക്കി മാറ്റിയിരിക്കുന്നു. വേറെ ആരും തന്നെ ഇതറിയുന്നില്ല. –നിങ്ങൾ എന്തിൽ നിന്ന് എന്തായി മാറിക്കൊണ്ടിരിക്കുകയാണെന്ന്. അതുകൊണ്ട് ഇങ്ങനെയുള്ള മധുരമായ ബാബയെ വളരെ സ്നേഹത്തോടെ ഓർമിക്കണം. ചില ബന്ധനത്തിലുള്ള സഹോദരിമാർ വളരെയധികം ബാബയെ ഓർമിക്കുന്നുണ്ട്. അറിയില്ല– എങ്ങനെ സ്വയത്തെ മുക്തമാക്കി വരുമെന്ന്. അവർക്കാണ് ഏറ്റവും കൂടുതൽ ബാബയോട് സ്നേഹം. അത്ര സ്നേഹം മറ്റു കുട്ടികൾക്കില്ല. അത്രയധികം ബാബയെ ഓർമിച്ച് കണ്ണീരൊഴുക്കുന്നു. ബാബാ... അങ്ങയെ എപ്പോഴാണ് കാണുക! വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന ബാബാ...ഓ..ബാബ..എപ്പോൾ വന്ന് അങ്ങയെ സന്മുഖത്ത് കാണും! ഇങ്ങനെ വളരെവളരെ പ്രേമത്തോടുകൂടി ബാബയെ ഓർമിക്കുന്നു. എല്ലാ ദു:ഖങ്ങളുമില്ലാതാക്കുന്ന ബാബ..അങ്ങ് എത്ര വലിയ സൗഭാഗ്യമാണ് ഞങ്ങൾക്കുണ്ടാക്കിത്തന്നിരിക്കുന്നത്. അങ്ങ് ഞങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ഓർമയുടെ ശക്തിയും അവർക്ക് വളരെയധികം ലഭിക്കുന്നുണ്ട്. ശരി..

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ആരെങ്കിലും ശരിയല്ലാത്ത കാര്യങ്ങൾ പറയുകയാണെങ്കിൽ മിണ്ടാതിരിക്കണം. വായിലൂടെ ഒച്ചയുണ്ടാക്കരുത്. സഹിക്കുക തന്നെ വേണം. പരസ്പരം മംഗളം ചെയ്യണം.

2. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രത്തിലൂടെ ആത്മീയസഹോദരനെ കാണണം. സ്വയം സഹോദരമെന്നു മനസിലാക്കി സഹോദരനു ജ്ഞാനം കൊടുക്കണം. ആത്മീയഡ്രിൽ ചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം. സ്വന്തം പരിശ്രമം ചെയ്യണം. മറ്റുള്ളവരെ നോക്കേണ്ട.

## വരദാനം - സ്വന്തം ഇച്ഛാശക്തിയിലൂടെ എല്ലാവർക്കും വിൽ ചെയ്യിക്കുന്ന ശ്രേഷ്ഠസേവാധാരിയായി ഭവിക്കട്ടെ.

വർത്തമാനസമയത്ത് പല ആത്മാക്കളും താങ്കളുടെ സഹയോഗത്തിനായി വേഴാമ്പലുകളാണ്, എന്നാൽ സ്വയം ശക്തിയില്ല. അവർക്ക് താങ്കൾ സ്വന്തം ശക്തികളുടെ സഹായം വിശേഷിച്ചു നൽകേണ്ടിവരും. അതിനാൽ നിമിത്തമായിട്ടുള്ള സേവാധാരികളിൽ സർവ ശക്തികളുടെ പവർ വേണം. ബ്രഹ്മാബാബ അവസാനം കുട്ടികൾക്ക് ശക്തികളുടെ വിൽ ചെയ്തതു പോലെ, ആ വില്ലിലൂടെയാണ് ഈ കാര്യം നടന്നു കൊണ്ടിരിക്കുന്നത്. ഇങ്ങനെ ബാബയെ പിന്തുടരൂ. സ്വന്തം ശക്തികളുടെ വിൽ ആത്മാക്കൾക്കായി ചെയ്യൂ എങ്കിൽ സമയത്തിനനുസരിച്ച് സേവനം സമ്പന്നമായിത്തീരും.

## സ്ലോഗൻ - എവിടെ ഏകതയുടെയും ഏകാഗ്രതയുടെയും ശക്തിയുണ്ടോ അവിടെ സഫലത സഹജമായി പ്രാപ്തമാകുന്നു